TB Movie Panel Weekly Review
**#moviepanel**

# മാലിക്

Written By : Jithesh Mangalath

മാലിക്കിൽ ഫഹദ് ഫാസിലിന്റെ സുലൈമാൻ അലി ആദ്യരാത്രിയിൽ നിമിഷയുടെ റോസ്ലിനോട് കല്യാണശേഷവും അവൾക്കിഷ്ടമുള്ളതു പോലെ ജീവിക്കാമെന്നും,എന്നാൽ 'തന്റെ മക്കളെ' തനിക്ക് മുസ്ലീംമത വിശ്വാസപ്രകാരം വളർത്തണമെന്നും അവളോട് പറയുന്ന ഒരു രംഗമുണ്ട്.സുലൈമാൻ അതു പറഞ്ഞു കേട്ടതിനേക്കാൾ അതിശയം തോന്നിയത് റോസ്ലിന്റെ അതു കേൾക്കുമ്പോൾ വന്ന അതിശയമാണ്.എന്തുകൊണ്ടോ റോസ്ലിൻ എന്ന കഥാപാത്രത്തിലേക്ക് മഹേഷെന്ന രചയിതാവ് അധികം കടന്നുചെല്ലാൻ ശ്രമിച്ചിട്ടില്ലെന്ന തോന്നലായിരുന്നു ആ രംഗമുളവാക്കിയത്.

അതിസുന്ദരമായ മേക്കിംഗിനാലും,അമ്പരപ്പിക്കുന്ന അഭിനയപ്രകടനങ്ങളാലും മാലിക്ക് 161 മിനിറ്റെന്ന അതിന്റെ ദൈർഘ്യത്തെ വിരസതയിൽ നിന്നും മറികടക്കുമ്പോഴും കഥാപാത്രങ്ങളുടെ ആത്മാവിലേക്കു കടന്നു ചെല്ലാത്ത പെരിഫെറൽ റൈറ്റിംഗ് സിനിമയ്ക്കൊരു ഭാരമാകുന്നുണ്ട്.ഇതിനോടകം തന്നെ പ്രകീർത്തിക്കപ്പെടുകയും,ആഘോഷിക്കപ്പെടുകയും ചെയ്തിട്ടുള്ള 12 മിനിറ്റിന്റെ ആ സിംഗിൾ ഓപ്പണിംഗ് ഷോട്ട് തന്നെ എത്ര മാത്രം ഗ്രാൻറായിട്ടുള്ള ഒരു മേക്കിംഗ് ശൈലിയിലേക്കാണ് നമ്മളാനയിക്കപ്പെടുന്നത് എന്നതിന്റെ ഒരു രേഖാചിത്രമാണ്.പ്രൊഡക്ഷൻ ക്വാളിറ്റിയിൽ വിട്ടുവീഴ്ച്ചകൾക്ക് സ്ഥാനം കൊടുക്കാതിരുന്ന ആദ്യത്തെ ആൻ്റോ ജോസഫ് പ്രൊഡക്ഷൻ ആയിരിക്കണം മാലിക്ക്.സുലൈമാൻ അലി എന്ന സാധാരണക്കാരൻ എങ്ങനെയാണ് ഒരു ഗോഡ്ഫാദർലി കാരക്ടർ ആകുന്നതെന്ന് എന്നതാണ് മാലിക്കിന്റെ പ്ലോട്ട്.ആ യാത്രയിൽ അയാളുടെ കാരക്ടർ ആർക്കിനൊപ്പം,സഹ അഭിനേതാക്കളുടെ പാത്രവളർച്ചയിലേക്ക് കൂടി തിരക്കഥ ശ്രദ്ധയൂന്നുണ്ട്.ഈ ഴോണറിലുള്ള ഗാംഗ്സ്റ്റർ ഡ്രാമകളുടെ അവിഭാജ്യഘടകങ്ങളിലൊന്നായ ആ പാത്രവളർച്ചകൾ പ്ലോട്ടിനാവശ്യമായ ട്വിസ്റ്റുകൾ നിർബാധം നൽകുന്നുണ്ട്.രണ്ടരമണിക്കൂറിലധികം വരുന്ന സിനിമയുടെ ദൈർഘ്യം വിരസതയുളവാക്കാത്തതിനുള്ള പ്രധാനകാരണം കഥാപാത്രങ്ങളുടെ ഈ പൂൾ ആണ്.സബ് പ്ലോട്ടുകൾക്കൊപ്പം,സുലൈമാന്റെയും,അയാളുടെ ഉമ്മയുടെയും വോയ്സ് ഓവറുകളിലൂടെയുള്ള നോൺ ലീനിയർ നരേറ്റീവുകളും മേക്കിംഗിനൊപ്പം തിരക്കഥയിലെ സ്ഥൂലതയെ സമർത്ഥമായി മറച്ചുവെക്കുന്നുണ്ടെന്നു വേണം കരുതാൻ.

ഇന്ത്യൻ സിനിമകളിലെ ഗാംഗ്സ്റ്റർ ഡ്രാമകളുടെ തലതൊട്ടപ്പനെന്നു വിശേഷിപ്പിക്കാവുന്ന മണിരത്നത്തിന്റെ നായകനിലെ "നീങ്ക നല്ലവരാ അതോ കെട്ടവരാ?"എന്ന അടിസ്ഥാനചോദ്യം തന്നെയാണ് ഫഹദിന്റെ സുലൈമാനും അവശേഷിപ്പിക്കുന്നത്.ആ ചോദ്യത്തിന് കൃത്യമായൊരുത്തരം നൽകാതെ എത്രത്തോളം സമയം പ്രേക്ഷകനെ സിനിമയിലേക്ക് കോർത്തിടാൻ പറ്റുന്നു എന്നുള്ളിടത്താണ് ഇത്തരമൊരു സിനിമ അതിന്റെ മേക്കിംഗ് നിലവാരം സ്വയം തെളിയിക്കുന്നത്.ഇവിടെയും സംഗതി വ്യത്യസ്തമല്ല.സുലൈമാൻ ഈ രണ്ട് ബ്രാക്കറ്റുകളിലും ഉൾക്കൊള്ളിക്കാവുന്ന ഒരു കഥാപാത്രമല്ല.അയാൾ സന്ദർഭമനുസരിച്ച് രണ്ടു കള്ളികളിലേക്കും വീഴുന്നുണ്ട്.അതേ സമയം തന്നെ,സ്വയം സൃഷ്ടിക്കുന്ന കായോസ് വഴി എങ്ങനെയാണ് അഴിമതിവത്ക്കരിക്കപ്പെട്ട ഒരു സംവിധാനം പ്രജകളിന്മേലുള്ള അതിന്റെ അധീശസ്ഥാപനം തുടർന്നുകൊണ്ടിരിക്കുന്നത് എന്നു കൂടി മാലിക്ക് പറയുന്നുണ്ട്.

മാലിക്കിന്റെ ഏറ്റവും പ്രശംസിക്കപ്പെടേണ്ട ഭാഗം തീർച്ചയായും അതിന്റെ പ്രൊഡക്ഷൻ ഡിസൈനിംഗ് തന്നെയാണ്.ഒരു പീരിയോഡിക് ഡ്രാമ പുലർത്തേണ്ട മേക്കിംഗ് ക്വാളിറ്റി നൂറുശതമാനവും മാലിക്ക് ടീം നിലനിർത്തിയിട്ടുണ്ട്.സനു ജോൺ വർഗീസിന്റെ ക്യാമറ ഒട്ടൊന്നുമല്ല അതിന് മഹേഷ് നാരായണനെ സഹായിച്ചിട്ടുള്ളത്.കഥയിലെ ഒരു പ്രധാനപ്പെട്ട കഥാപാത്രമായി കഥ നടക്കുന്ന ഭൂമിക തന്നെ മാറുന്നത് അയാളുടെ ഛായാമികവിലാണ്.ഒരു തുറയുടെ നായകനെന്ന നിലയിൽ പ്രൊജക്ട് ചെയ്യപ്പെടുമ്പോൾ പോലും ഒരിക്കൽ പോലും സുലൈമാൻ അമാനുഷിക പാത്രാവതരണത്തിലേക്ക് തെന്നിവീഴുന്നില്ല.സുഷിൻ ശ്യാമിന്റെ പശ്ചാത്തലസംഗീതം ചിത്രത്തിന്റെ ഗ്രാന്റ് സ്കെയിലിന് യോജിക്കുന്നതായിരുന്നു.

ഫ്ലാഷ് ബാക്ക് സീനുകളിലെ വിഗ് ആകാവുന്നത്ര പുറകോട്ടടിക്കാൻ ശ്രമിക്കുമ്പോഴും ഫഹദിലെ ആ മാജിക്കൽ ആക്ടർ ആ പരിമിതികളെയൊക്കെ മറികടക്കുന്ന സുന്ദരമായ കാഴ്ച്ച മാലിക്ക് നൽകുന്നുണ്ട്.ഒരു സാധാരണ ചെറുപ്പക്കാരനിൽ നിന്നും,കൊല്ലിനും കൊലയ്ക്കും മടിക്കാത്തവനിലേക്കുള്ള അയാളുടെ ട്രാൻസ്ഫോർമേഷൻ ടെറിഫിക്കായിരുന്നെങ്കിൽ,ക്ഷീണിതമായ വാർധക്യത്തിലേക്കുള്ള ട്രാൻസിഷൻ ശരാശരിയിലൊതുങ്ങുന്നുണ്ട്.അതേ സമയം തന്നെ ജയിലിനകത്ത്,ദിലീഷ് പോത്തന്റെ കഥാപാത്രം സന്ദർശിക്കുന്ന സമയത്തുള്ള അയാളുടെ നിമിഷാർദ്ധനേരത്തെ ആളിക്കത്തൽ ശരീരവും,പ്രതിഭയും ഒരിക്കലും പരസ്പരപൂരകങ്ങളാവേണ്ട ആവശ്യമില്ലെന്ന് ബോധ്യപ്പെടുത്തുന്ന നിമിഷമായിരുന്നു.നിമിഷയും,വിനയ് ഫോർട്ടും,ദിലീഷ് പോത്തനും,ജോജുവും,ജലജയുമുൾപ്പെടുന്ന അഭിനേതാക്കളെല്ലാവരും ഒരിക്കൽ കൂടി തങ്ങളുടെ എ ഗെയിം പുറത്തെടുക്കുകയായിരുന്നു

ഇവിടെ.

മാലിക്ക് തിയേട്രിക്കൽ ടെംപ്ലേറ്റിൽ ഡിസൈൻ
ചെയ്യപ്പെട്ട,മലയാളത്തിലെ ഏറ്റവും മികച്ച ഫിലിം മേക്കുകളിലൊന്നാണ്.